"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ത.സ്വ.ഭ.വ - ലൈഫ് മിഷൻ - കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിൽ ഹഡ്കോ വായ്പയിനത്തിൽ ലഭിച്ചതിൽ നിലനിന്നിരുന്ന 70 കോടി രൂപ ലൈഫ് മിഷന് അനുവദിച്ച് നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.915/2020/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 19/05/2020

---

പരാമർശം:- 1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25.02.2020 ലെ 07/എൽ.എഫ്/ഫിൻ/2018 നമ്പർ കത്ത്.

2. 26.02.2020 - ലെ കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ കെ.യു.ആർ.ഡി.എഫ്.സി/എ.2/289/ 2018 (197) നമ്പർ കത്ത്.

3. സ.ഉ(എം.എസ്) നം. 47/2020/ത.സ്വ.ഭ.വ തീയതി 17-03-2020.

<u>ഉത്തരവ്</u>

ലൈഫ് മിഷൻ പദ്ധതിക്ക് വേണ്ടി ഹഡ്കോയിൽ നിന്നും റൂറൽ സെക്ടറിലെ 1,36,000 ഗുണഭോക്താക്കൾ ക്ക് 3000 കോടി രൂപ അനുവദിച്ചിരുന്നുവെന്നും എന്നാൽ അന്തിമ ഘട്ടത്തിൽ ഗുണഭോക്താക്കളുടെ എണ്ണം 1,10,000 ആയി കുറഞ്ഞ സാഹചര്യത്തിൽ വായ്പ തുക 2420 കോടി രൂപയായി കുറഞ്ഞുവെന്നും ആയതിനാൽ മേൽ വായ്പ പുന:ക്രമീകരിച്ച് 3000 കോടി രൂപയിൽ 550 കോടി രൂപ ലൈഫ് മിഷന്റെ സംസ്ഥാന വിഹിതമായി കണക്കാക്കണമെന്ന് ഹഡ്കോയോട് ആവശ്യപ്പെട്ടിരുന്നുവെന്നും മേൽ ആവശ്യം ഹഡ്കോ അംഗീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെന്നും ഹഡ്കോ റൂറൽ സെക്ടറിന് 6-ാം ഗഡുവായി അനുവദിച്ച 150 കോടി രൂപയിൽ 78 കോടി രൂപ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡിമാന്റ് ലഭ്യമാകാത്തതിനാൽ കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിൽ നിലനിൽക്കുകയാണ് എന്നും ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച 2 ലക്ഷം വീടുകളുടെ ഉദ്ഘാടനം ഫെബ്രുവരി 29 - ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതിനായി പ്രഖ്യാപിച്ചിരുന്നുവെന്നും എന്നാൽ അന്തിമ ഘട്ടത്തിൽ എത്തി നിൽക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിനായി സംസ്ഥാന വിഹിതം അനുവദിക്കേണ്ടതായിട്ടു ണ്ടായിരുന്നെന്നും ആയതിന് 85 കോടി രൂപ വേണ്ടി വരുമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും പുനഃക്രമീകരിച്ച വായ്പ ലഭ്യമാകുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ ലൈഫ് മിഷൻ പദ്ധതിയ്ക്കായി കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ നിന്നും 70 കോടി രൂപ അനുവദിക്കണമെന്നും ഹഡ്കോയിൽ നിന്നും 550 കോടി രൂപ ലഭ്യമാകുന്ന മുറയ്ക്ക് ഇപ്രകാരം അനുവദിക്കുന്ന 70 കോടി രൂപ കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിൽ നിലനിറുത്തുന്നതാണെന്നും പരാമർശം (1) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും ഈ വിഷയത്തിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് സർക്കാർ സാധൂകരണത്തിന് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിൽ ഹഡ്കോ വായ്പ ഇനത്തിൽ നിലനിൽക്കുന്ന 70 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ടെന്നും മേൽ നടപടി സാധൂകരിക്കണമെന്നും പരാമർശം (2) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഹഡ്കോയിൽ നിന്നും പുനഃക്രമീകരിച്ച വായ്പ ലഭ്യമാക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പരാമർശ കത്തുകളിലെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് സർക്കാർ സാധൂകരണത്തിന് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിൽ ഹഡ്കോ വായ്പ ഇനത്തിൽ നിലനിന്നിരുന്ന 70 കോടി രൂപ ലൈഫ് മിഷന് അനുവദിച്ച കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫന്

ജോയിന്റ് സെക്രട്ടറി

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

മാനേജിംഗ് ഡയറക്ടർ ,കെ.യു.ആർ.ഡി.എഫ്.സി

ധനകാര്യ വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.